| 22–05–2024 | പ്രഭാതമുരളി | ഓം ശാന്തി | ബാപ്ദാദ | മധുബൻ |
|---|---|---|---|---|

**മധുരമായ കുട്ടികളേ– നിങ്ങൾക്ക് കർമ്മാതീതമായി പോകണം, അതുകൊണ്ട് ഉള്ളിൽ ഒരു തരത്തിലുള്ള ന്യൂനതകളും ഉണ്ടായിരിക്കരുത്, സ്വയം പരിശോധിച്ച് കുറവുകൾ ഇല്ലാതാക്കിക്കൊണ്ടേയിരിക്കണം.**

**ചോദ്യം:–** ഏത് അവസ്ഥ സ്വരൂപിക്കാനാണ് പരിശ്രമം തോന്നുന്നത്? അതിനുള്ള പുരുഷാർത്ഥമെന്താണ്?
**ഉത്തരം:–** ഈ കണ്ണുകൾ കൊണ്ട് കാണുന്ന ഒരു വസ്തുവും മുന്നിൽ വരരുത്. കണ്ടിട്ടും കാണാതിരിക്കൂ. ദേഹത്തിലിരുന്നും ദേഹീ അഭിമാനിയായിരിക്കൂ. ഈ അവസ്ഥ സ്വരൂപിക്കാനാണ് പരിശ്രമിക്കേണ്ടിവരുന്നത്. ബുദ്ധിയിൽ ബാബയും വീടുമല്ലാതെ മറ്റൊരു വസ്തുവും ഓർമ്മ വരരുത്. ഇതിനുവേണ്ടി അന്തർമുഖിയായി സ്വയം പരിശോധിക്കണം. തന്റെ ചാർട്ട് വെക്കണം.

**ഓം ശാന്തി –** മധുര മധുരമായ വളരെക്കാലത്തെ വേർപാടിനുശേഷം തിരികെക്കിട്ടിയ ആത്മീയ കുട്ടികൾക്കറിയാം നമ്മുടെ ദൈവീക രാജധാനിയുടെ സ്ഥാപന നടന്നുകൊണ്ടിരിക്കുകയാണ്, ഇതിൽ രാജാക്കന്മാരുമുണ്ട് പ്രജകളുമുണ്ട്. പുരുഷാർത്ഥം എല്ലാവരും ചെയ്യുന്നുണ്ട്, ആര് കൂടുതൽ പുരുഷാർത്ഥം ചെയ്യുന്നുവോ അവർ കൂടുതൽ പ്രൈസ് നേടുന്നു. ഇതൊരു സാധാരണ നിയമമാണ്. ഇത് പുതിയ കാര്യമല്ല. സത്യയുഗത്തെ ദൈവീക പൂന്തോട്ടമെന്നോ അഥവാ രാജധാനിയെന്നോ പറയാം. ഇപ്പോൾ ഇത് കലിയുഗീ പൂന്തോട്ടം അഥവാ മുൾക്കാടാണ്. വൃക്ഷങ്ങളിലും വളരെയധികം ഫലം നൽകുന്ന വൃക്ഷവുമുണ്ട്, ചിലത് കുറവ് ഫലങ്ങൾ നൽകുന്നതായിരിക്കും. ചില മാമ്പഴങ്ങൾക്ക് രുചി കുറവായിരിക്കും. പൂക്കളും ഫലങ്ങളും ഭിന്ന പ്രകാരത്തിലുള്ളത് ഉണ്ടാകും പല പല പ്രകാരത്തിലുള്ള വൃക്ഷങ്ങൾ ഉണ്ടായിരിക്കും. നിങ്ങൾ കുട്ടികളും നമ്പർവൈസ് പുരുഷാർത്ഥമനുസരിച്ചുള്ളവരാണ്. ചിലർ വളരെ നല്ല ഫലം നൽകുന്നു, ചിലർ സാധാരണ ഫലം നൽകുന്നു. വൃക്ഷങ്ങൾ പല തരത്തിലുണ്ടാകും. ഇത് ഫലം നൽകുന്ന പൂന്തോട്ടമാണ്. ഇവിടെ ദൈവീകവൃക്ഷത്തിന്റെ സ്ഥാപന നടന്നുകൊണ്ടിരിക്കുകയാണ് അഥവാ പൂക്കളുടെ പൂന്തോട്ടത്തിന്റെ സ്ഥാപന നടന്നുകൊണ്ടിരിക്കുകയാണ് കഴിഞ്ഞ കല്പത്തിലേതു പോലെ. പതുക്കെ–പതുക്കെ മധുരമായ സുഗന്ധമുള്ള പുഷ്പങ്ങളുണ്ടായിക്കൊണ്ടിരിക്കുകയാണ്– നമ്പർവൈസ് പുരുഷാർത്ഥമനുസരിച്ച്, എല്ലാവരും വ്യത്യസ്ഥരാണല്ലോ. ബാബയുടെ സമീപം എല്ലാവരും വരുന്നുണ്ട്, ബാബയുടെ മുഖം കാണാൻ. നിങ്ങൾ മനസ്സിലാക്കി ബാബ നമ്മളെ സ്വർഗ്ഗത്തിന്റെ അധികാരിയാക്കി മാറ്റുകയാണ്. ഈ കാര്യത്തിൽ കുട്ടികൾക്ക് നിശ്ചയമുണ്ട്. പരിധിയില്ലാത്ത ബാബ നമ്മളെ പരിധിയില്ലാത്ത അധികാരിയാക്കി മാറ്റിക്കൊണ്ടിരിക്കുകയാണ്. അധികാരിയായി മാറുന്നതിൽ കുട്ടികൾക്ക് വളരെ സന്തോഷമാണ്. പരിധിയുള്ള അധികാരത്തിൽ ദുഃഖമാണ്, സുഖത്തിന്റേയും ദുഃഖത്തിന്റേയും ഈ ഒരു കളി ഭാരതവാസികൾക്കുവേണ്ടിയുള്ളതാണ്. കുട്ടികളോട് ബാബ പറയുന്നു ആദ്യം വീടിനെ സംരക്ഷിക്കൂ. വീട്ടിലെപ്പോഴും നാഥന്റെ ദൃഷ്ടിയുണ്ടാവുമല്ലോ. ബാബയും ഓരോരോ കുട്ടികളേയും കാണുകയാണ് – ഇവരിൽ ആരിലാണ് ഗുണങ്ങളുള്ളത് ആരിലാണ് അവഗുണങ്ങളുള്ളത്? കുട്ടികൾക്കും സ്വയം അറിയാം. കുട്ടികളെ നിങ്ങളെല്ലാവരും തന്റെ കുറവുകൾ സ്വയം എഴുതിക്കൊണ്ടുവരൂ എന്ന് ബാബ പറയുകയാണെങ്കിൽ പെട്ടെന്ന് എഴുതുവാൻ സാധിക്കുമോ. നിങ്ങൾക്ക് എന്തെല്ലാം കുറവുകൾ ഉണ്ടെന്ന് മനസ്സിലാക്കുന്നുണ്ടോ? തീർച്ചയായും എന്തെങ്കിലും കുറവുകൾ ഉണ്ടാകും. ആരും സമ്പൂർണ്ണരായി മാറിയിട്ടില്ല. തീർച്ചയായും സമ്പൂർണ്ണമായി മാറണം. കൽപകൽപം മാറിയതാണ്, ഇതിൽ സംശയത്തിന്റെ കാര്യമില്ല. പക്ഷേ ഈ സമയത്ത് എന്ത് കുറവുണ്ടോ അത് പറയുന്നതിലൂടെ ബാബ അതിനുവേണ്ടി മനസ്സിലാക്കിത്തരും. ഈ സമയം വളരെയധികം കുറവുകളാണ്. എല്ലാ കുറവുകളും ഉണ്ടാകുന്നത് ദേഹാഭിമാനം കാരണമാണ്. അത് വളരെ പ്രയാസമുണ്ടാക്കും. അവസ്ഥയെ മുന്നോട്ടുയരാൻ സമ്മതിക്കില്ല, അതുകൊണ്ട് പൂർണ്ണമായിട്ടുള്ള രീതിയിൽ പുരുഷാർത്ഥം ചെയ്യണം. ഈ ശരീരം പോലും ഇപ്പോൾ ഉപേക്ഷിച്ച് പോകണം. ദൈവീകഗുണങ്ങൾ ഇവിടെ ധാരണ ചെയ്ത് പോകണം. കർമ്മാതീത അവസ്ഥയിലെത്തുക എന്നതിന്റെ അർത്ഥം ബാബ മനസ്സിലാക്കിത്തരികയാണ്. കർമ്മാതീതമായി പോകണമെങ്കിൽ ഒരു തരത്തിലുള്ള കുറവുകളും ഉണ്ടാകരുത്. കാരണം നിങ്ങൾ വജ്രമായി മാറുന്നവരല്ലേ. നമ്മളിൽ എന്തെല്ലാം കുറവുകളാണുള്ളത്! ഇത് ഓരോരുത്തർക്കും അറിയാം കാരണം നിങ്ങൾ ചൈതന്യമാണ്. ജഡമായ വജ്രത്തിൽ ന്യൂനതയുണ്ടെങ്കിൽ അത് കളയാൻ സാധിക്കില്ല. നിങ്ങൾ ചൈതന്യമാണ്. നിങ്ങൾക്ക് കുറവുകളെ മാറ്റിയെടുക്കാൻ സാധിക്കും. നിങ്ങൾ കക്കയിൽനിന്നും വജ്രമായി മാറുന്നവരാണ്. നിങ്ങൾ സ്വയത്തെ നല്ലരീതിയിൽ മനസ്സിലാക്കുന്നുണ്ടോ. സർജ്ജൻ ചോദിക്കുകയാണ് ഏത് ന്യൂനതയാണ് നിങ്ങളെ കുരുക്കുന്നത്, മുന്നോട്ട് ഉയരുവാൻ അനുവദിക്കാത്തത്? കുറവുകൾ ഇല്ലാതാകുന്നത് അവസാനമാണ്. ഇപ്പോൾ കുറവുകളെല്ലാം ഇല്ലാതാക്കിക്കൊണ്ടേയിരിക്കണം. കുറവുകളെ ഇല്ലാതാക്കുന്നില്ലെങ്കിൽ വജ്രത്തിന്റെ വില കുറയും. ബാബയും പക്കയായ വജ്ര വ്യാപാരിയല്ലേ. മുഴുവൻ

ആയുസ്സിലും വജ്രങ്ങളെത്തന്നെയാണ് ഈ കണ്ണുകളിലൂടെ കണ്ടത്. ഇത്രയും നന്നായി വജ്രത്തെ തിരിച്ചറിയാനുള്ള താൽപ്പര്യം, ഇങ്ങനെയൊരു വജ്രവ്യാപാരി വേറെയുണ്ടാകില്ല. നിങ്ങളും വജ്രമായി മാറിക്കൊണ്ടിരിക്കുകയാണ്. നിങ്ങൾക്കറിയാം എന്തെങ്കിലും എന്തെങ്കിലുമെല്ലാം കുറവുകളുണ്ട്. സമ്പൂർണ്ണരായി മാറിയിട്ടില്ല. നിങ്ങൾ ചൈതന്യമായതുകാരണം പുരുഷാർത്ഥം ചെയ്ത് കുറവുകളെ ഇല്ലാതാക്കാൻ സാധിക്കും. തീർച്ചയായും വജ്രം പോലെയായി മാറണം. പുരുഷാർത്ഥം ചെയ്യുമ്പോഴേ അങ്ങനെയാകൂ.

ബാബ പറയുകയാണ് നിങ്ങളുടെ അവസ്ഥ ഇങ്ങനെ ഉറച്ചതാകണം, ശരീരം ഉപേക്ഷിക്കുന്ന സമയത്ത് അന്തിമത്തിൽ ബാബയല്ലാതെ ആരെയും ഓർമ്മ വരരുത്. ഇത് വ്യക്തമാണ്. മിത്ര സംബന്ധികൾ എല്ലാവരേയും മറക്കണം ഒരു ബാബയുമായി മാത്രം ബന്ധം വെയ്ക്കണം. ഇപ്പോൾ നിങ്ങൾ വജ്രമായി മാറിക്കൊണ്ടിരിക്കുകയാണ്. ഇത് വജ്രങ്ങളുടെ കടയാണ്. നിങ്ങൾ ഓരോരുത്തരും വജ്രവ്യാപാരികളാണ്. ഈ കാര്യം മറ്റാരും അറിയുന്നില്ല. നിങ്ങൾ കുട്ടികൾക്കറിയാം – ഓരോരുത്തരുടേയും ഹൃദയത്തിലുണ്ട്, ഞങ്ങൾ പുരുഷാർത്ഥമനുസരിച്ച് വിശ്വത്തിന്റെ അധികാരിയായി മാറിക്കൊണ്ടിരിക്കുകയാണ്. ആർക്ക് ഉയർന്ന പദവി ലഭിച്ചിട്ടുണ്ടോ, അവർ തീർച്ചയായും പുരുഷാർത്ഥം ചെയ്തിട്ടുണ്ട്. നിങ്ങൾ കുട്ടികൾക്ക് ഇത്രയും പുരുഷാർത്ഥം ചെയ്യണം അതുകൊണ്ട് ബാബ ഓരോ കുട്ടികളേയും നോക്കുകയാണ്. പൂക്കളെ നോക്കാറുണ്ടല്ലോ എങ്ങനെയുള്ള സുഗന്ധപുഷ്പമാണ്! ഇതെങ്ങനെയാണ്! ഇവരിൽ ബാക്കി എന്ത് കമ്മിയാണുവാണ് ഉള്ളത്? കാരണം നിങ്ങൾ ചൈതന്യമാണ്. ചൈതന്യമായ വജ്രത്തിനറിയാൻ സാധിക്കില്ലേ– നമ്മളിൽ എന്തൊക്കെ കുറവാണുള്ളത്. ബാബയിൽ നിന്നും ബുദ്ധിയോഗം മുറിഞ്ഞ് എവിടെ എവിടെയൊക്കെയോ അലയുന്നുണ്ട്. ബാബ പറയുകയാണ് – കുട്ടികളേ, എന്നെ മാത്രം ഓർമ്മിക്കൂ. മറ്റൊന്നും ഓർമ്മ വരരുത്. ഗൃഹസ്ഥവ്യവഹാരത്തിലിരുന്നും ഒരു ബാബയെ ഓർമ്മിക്കണം. ആദ്യമുള്ള വർക്കുവേണ്ടി ഭട്ടിയുണ്ടായിരുന്നു, പിന്നീട് അവർ സർവ്വീസിനുവേണ്ടി തയ്യാറായി. കാണുന്നില്ലേ പഴയവർ വളരെ നല്ല സർവ്വീസ് ചെയ്തുകൊണ്ടിരിക്കുന്നു. അതിൽ പുതിയവരും ചേരുന്നുണ്ട്. പഴയവർക്കുവേണ്ടി ഭട്ടിയുണ്ടായിരുന്നു. പഴയവരിലും തീർച്ചയായും കുറവുകളുണ്ടായിരുന്നു. ഓരോരുത്തരും തന്റെ ഹൃദയം കൊണ്ട് മനസ്സിലാക്കണം ബാബ എന്ത് അവസ്ഥ ഉണ്ടാക്കുന്നതിനുവേണ്ടിയാണോ പറയുന്നത് ഇപ്പോൾ വരേയും ആ അവസ്ഥ ഉണ്ടായിട്ടില്ല. ലക്ഷ്യം ബാബ മനസ്സിലാക്കിത്തരികയാണ്. എല്ലാവരിലും കൂടുതലായിട്ടുള്ള ക്ലാവ് ദേഹാഭിമാനത്തിന്റേതാണ്, അപ്പോഴാണ് ദേഹത്തിലേക്ക് ബുദ്ധി പോകുന്നത്. ദേഹത്തിലിരിക്കുമ്പോഴും ദേഹീ അഭിമാനിയായി മാറണം. ഈ കണ്ണുകളിലൂടെ കാണുന്ന ഒരു വസ്തുവും മുന്നിലേക്ക് വരാതിരിക്കുന്ന അവസ്ഥയുണ്ടാകണം. നമ്മുടെ ബുദ്ധിയിൽ ഒരു ബാബയും ശാന്തിധാമവുമല്ലാതെ മറ്റൊരു വസ്തുവും ഓർമ്മ വരരുത്. ഒന്നും കൂടെക്കൊണ്ടുപോകുന്നില്ല. ആദ്യമാദ്യം നമുക്ക് പുതിയ സംബന്ധത്തിലേക്ക് വരണം. ഇപ്പോഴുള്ളത് പഴയ സംബന്ധമാണ്. പഴയ സംബന്ധങ്ങളുടെ ഓർമ്മ അൽപം പോലും വരരുത്. പാടാറുണ്ടല്ലോ അന്തിമസമയം ആരെ ഓർക്കുന്നുവോ..... ഇത് ഇപ്പോഴത്തെ കാര്യമാണ്. പാട്ടുകൾ കലിയുഗത്തിലെ മനുഷ്യരുണ്ടാക്കിയതാണ്, പക്ഷേ അവർ മനസ്സിലാക്കുന്നില്ല. പ്രധാനപ്പെട്ട കാര്യം ബാബ മനസ്സിലാക്കിത്തരികയാണ് ഒരു ബാബയല്ലാതെ മറ്റൊന്നും ഓർമ്മ വരരുത്. ഒരു ബാബയുടെ ഓർമ്മയിലൂടെ നിങ്ങളുടെ പാപങ്ങൾ ഇല്ലാതാകും. പവിത്രമായ വജ്രമായി മാറും. ചില കല്ലുകൾ വളരെ വിലപ്പെട്ടതായിരിക്കും. മാണിക്യം പോലുള്ളത് വിലയുള്ളതാണ്. ബാബ തന്നേക്കാളും കുട്ടികളെ വളരെ വിലപ്പെട്ടതാക്കി ഉയർത്തുകയാണ്. സ്വയം ചെക്ക് ചെയ്യണം, ബാബ പറയുകയാണ് അന്തർമുഖിയായി സ്വയത്തെ നോക്കൂ – എന്നിൽ എന്ത് കുറവാണ്, എത്രത്തോളം ദേഹാഭിമാനമുണ്ട്? ബാബ പുരുഷാർത്ഥത്തിനുവേണ്ടി വ്യത്യസ്തമായ യുക്തികൾ മനസ്സിലാക്കിത്തരികയാണ്. എത്ര സാധിക്കുമോ ഒരു ബാബയെ ഓർമ്മിക്കൂ. എത്ര സ്നേഹിയാണെങ്കിലും മനോഹരമായ കുട്ടിയാണെങ്കിലും ആരുടേയും ഓർമ്മ വരരുത്. ഇവിടെയുള്ള ഒരു വസ്തുക്കളുടേയും ഓർമ്മ വരരുത്. ചില കുട്ടികൾ വളരെ മോഹമുള്ളവരാണ്. ബാബ പറയുകയാണ് എല്ലാത്തിനോടുമുള്ള മമത്വം ഉപേക്ഷിച്ച് ഒന്നിനെ മാത്രം ഓർമ്മിക്കൂ. ഒരു സ്നേഹിയായ ബാബയോട് സ്നേഹം വെക്കണം. ബാബയിൽ നിന്നാണ് എല്ലാം ലഭിക്കുന്നത്. യോഗത്തിലൂടെ നിങ്ങൾ സ്നേഹിയായി മാറണം. സ്നേഹിയായി മാറുന്നത് ആത്മാവാണ്. ബാബ വളരെ സ്നേഹിയല്ലേ. ആത്മാവിനെ സ്നേഹിയും പവിത്രവുമാക്കി മാറ്റുന്നതിനുവേണ്ടി ബാബ പറയുകയാണ് – കുട്ടികളേ, എത്ര എന്നെ ഓർമ്മിക്കുന്നുവോ അത്രത്തോളം നിങ്ങൾ സ്നേഹിയായി മാറുന്നു. നിങ്ങൾ ഇത്രയും സ്നേഹിയായി മാറുന്നവരാണ് അതിനാലാണ് നിങ്ങൾ ദേവീദേവതകൾക്ക് ഇപ്പോൾ വരേക്കും പൂജ കിട്ടിക്കൊണ്ടിരിക്കുന്നത്. വളരെ സ്നേഹിയായി മാറുന്നവരല്ലേ. പകുതി കല്പത്തോളം നിങ്ങൾ രാജ്യം ഭരിച്ചു പിന്നീട് പകുതി കല്പത്തോളം നിങ്ങൾ പൂജിക്കപ്പെടുന്നവ രായും മാറും. നിങ്ങൾ സ്വയം പൂജാരിയായി മാറി തന്റെ ചിത്രങ്ങളെ പൂജിക്കുന്നു. നിങ്ങളാണ് വളരെ സ്നേഹിയായി മാറുന്നവർ, പക്ഷേ എപ്പോഴാണോ സ്നേഹിയായ ബാബയെ നല്ലരീതിയിൽ ഓർമ്മിക്കുന്നത്

അപ്പോഴേ സ്നേഹിയായി മാറൂ. ഒരു ബാബയല്ലാതെ മറ്റൊന്നും ഓർമ്മ വരരുത്. സ്വയം ചെക്ക് ചെയ്യൂ ബാബയെ വളരെ സ്നേഹത്തോടെ ഓർമ്മിക്കുന്നുണ്ടോ? ബാബയുടെ ഓർമ്മയിൽ പ്രേമത്തിന്റെ കണ്ണുനീർ വരണം. ബാബ എനിക്ക് അങ്ങല്ലാതെ മറ്റാരുമില്ല. ആരുടേയും ഓർമ്മ വരരുത്. മായയുടെ കൊടുങ്കാറ്റും വരരുത്. മായയുടെ കൊടുങ്കാറ്റ് വളരെ വരുന്നില്ലേ. സ്വയത്തെ പരിശോധിക്കണം- എന്റെ സ്നേഹം ബാബയിലല്ലാതെ വേറെ ഒരു ഭാഗത്തേക്കും പോകുന്നില്ലല്ലോ? എത്ര സ്നേഹിയായ വസ്തുവായാലും, ഒരു ബാബയെ മാത്രം ഓർമ്മിക്കണം. നിങ്ങളെല്ലാവരും ഒരേയൊരു പ്രിയതമനായ ബാബയുടെ പ്രിയ തമയായി മാറുന്നവരാണ്. പ്രിയതമനും പ്രിതതമയും, ഒരു പ്രാവശ്യം പരസ്പരം കണ്ടു, അതു മതി. വിവാഹം പോലും ചെയ്യുന്നില്ല. താമസിക്കുന്നതും വേറെ വേറെയാണ്. പക്ഷേ പരസ്പരം ബുദ്ധിയിലെപ്പോഴും ഓർമ്മയുണ്ടായിരിക്കും. ഇപ്പോൾ നിങ്ങൾക്കറിയാം നമ്മളെല്ലാവരും ഒരേയൊരു പ്രിയതമന്റെ പ്രിയതമകളാണ്. ബാബയാകുന്ന പ്രിയതമനെ നിങ്ങൾ ഭക്തിമാർഗ്ഗത്തിൽ വളരെ ഓർമ്മിച്ചിട്ടുണ്ടായിരുന്നു. ഇവിടെ നിങ്ങൾക്ക് വളരെ നന്നായി ഓർമ്മിക്കണം, കാരണം സന്മുഖത്തല്ലേ. ബാബ പറയുകയാണ് നിങ്ങൾ എന്നെ ഓർമ്മിക്കൂ എങ്കിൽ നിങ്ങൾ അക്കരെയെത്തും, ഇതിൽ സംശയത്തിന്റെ കാര്യമേയില്ല. ഭഗവാനെ ലഭിക്കുന്നതിനുവേണ്ടി എല്ലാവരും ഭക്തി ചെയ്യുന്നു.

ഇവിടെ ചില കുട്ടികൾ എല്ലുമുറിയെ സേവനം ചെയ്യുന്നു. സർവ്വീസ് ചെയ്യുന്നതിനുവേണ്ടി മുഴുവൻ സമയവും പരിശ്രമിക്കുന്നു. നിങ്ങൾക്കറിയാം വലിയ വ്യക്തികൾക്ക് ഇത്രയൊന്നും മനസ്സിലാക്കാൻ സാധിക്കില്ല. പക്ഷേ നിങ്ങളുടെ പരിശ്രമം ഒരിക്കലും വ്യർത്ഥമാകില്ല. ചിലർ മനസ്സിലാക്കി യോഗ്യരായി മാറുന്നവരാണ്, പിന്നെ ബാബയുടെ അടുത്തു വരും. നിങ്ങളും മനസ്സിലാക്കും ഇവർ യോഗ്യരാണോ അതോ അല്ലയോ? ദൃഷ്ടി അവർക്ക് നിങ്ങൾ കുട്ടികളിലൂടെയാണ് ലഭിക്കുന്നത്, അലങ്കരിക്കുന്നത് നിങ്ങൾ കുട്ടികളാണല്ലോ. ആരെല്ലാം ഇവിടെ വന്നിട്ടുണ്ടോ, അവർ എല്ലാവർക്കും നിങ്ങൾ കുട്ടികൾ അലങ്കാരം നടത്തുന്നു. ബാബ നിങ്ങളെ അലങ്കരിക്കുന്നു, നിങ്ങൾ മറ്റുള്ളവരെ അലങ്കരിച്ച് കൊണ്ടുവരുന്നു. ബാബ എങ്ങനെ അലങ്കരിക്കണം എന്നതിന് അവസരം നൽകുകയാണ്. അതുപോലെ മറ്റുള്ളവരേയും ചെയ്യണം. തന്നേക്കാളും മറ്റുള്ളവരെ അലങ്കരിക്കാൻ സാധിക്കും എല്ലാവർക്കും അവരവരുടേതായ ഭാഗ്യമല്ലേ. മന സ്സിലാക്കുന്ന ചിലർ മനസ്സിലാക്കിക്കൊടുക്കുന്നവരേക്കാളും വേഗത്തിൽ പോകും. ഇവർക്ക് നല്ലരീതിയിൽ മനസ്സിലാക്കിക്കൊടുക്കാൻ ഞങ്ങൾക്ക് സാധിച്ചു. മനസ്സിലാക്കിക്കൊടുക്കുന്നതിൽ ലഹരി വർദ്ധിക്കും അത് പിന്നീട് ഇല്ലാതാകുകയും ചെയ്യും. ബാപ്ദാദയുടെ ഹൃദയത്തിൽ വസിക്കും. വളരെ പുതിയ പുതിയവരുണ്ട്, അവർ പഴയവരേക്കാളും മുന്നോട്ട് പോകുന്നു. മുള്ളിൽനിന്നും നല്ല പൂക്കളായി മാറുന്നവരാണ്. അതുകൊണ്ട് ബാബ ഓരോരുത്തരേയും കാണുകയാണ് - ഇവരിൽ എന്ത് കുറവാണുള്ളത്? ഈ കുറവ് ഇവരിൽനിന്നും ഇല്ലാതാകണം. വളരെ നല്ല സർവ്വീസ് ചെയ്യണം. തോട്ടക്കാരനല്ലേ. ബാബക്ക് ആഗ്രഹമുണ്ട് - എഴുന്നേറ്റ് പിന്നിൽ പോയി നോക്കാൻ. കാരണം ചിലർ പിന്നിൽ ഇരിക്കാറുണ്ട്. നല്ല നല്ല മഹാരഥികൾ മുന്നിലിരിക്കണം. ഇവിടെ ആരെയും തള്ളിമാറ്റി വരേണ്ട കാര്യമില്ല. അഥവാ പ്രയാസപ്പെട്ട് വന്നു, പിന്നെ പിണങ്ങി എങ്കിൽ തന്റെ ഭാഗ്യത്തോടാണ് പിണങ്ങുന്നത്. മുന്നിലുള്ള പൂക്കളെക്കണ്ട് വളരെ സന്തോഷിക്കുകയാണ്, ഇവർക്ക് കുറച്ച് കുറവുണ്ട്. ഇത് വളരെ ശുദ്ധമാണ്. ചിലരുടെ ഉള്ളിൽ കറ പറ്റിയിട്ടുണ്ട്. ആ മുഴുവൻ അഴുക്കിനേയും ഇല്ലാതാക്കണം. ബാബയെപ്പോലെ സ്നേഹിക്കാൻ വേറെ ആർക്കും സാധിക്കില്ല. പത്നിക്ക് തന്റെ പതിയോട് സ്നേഹമുണ്ടാകില്ലേ. പതിക്ക് അത്രയും ഉണ്ടാകില്ല. പതി രണ്ടും മൂന്നും വിവാഹം കഴിക്കും. സ്ത്രീക്ക് പതി നഷ്ടപ്പെട്ടാൽ, കഴിഞ്ഞു, അത് വിധിയാണെന്ന് പറഞ്ഞുകൊണ്ടിരിക്കും. പുരുഷന്മാർക്ക് ഒരു ചെരുപ്പ് നഷ്ടപ്പെട്ടാൽ മറ്റൊന്ന് സ്വീകരിക്കുന്നതുപോലെയാണ്. ശരീരത്തെ ചെരുപ്പാണെന്നല്ലേ പറയാറുള്ളത്. ശിവബാബക്കും പഴയ ഈ ശരീരം ബൂട്ടാണ്. ഇപ്പോൾ നിങ്ങൾ കുട്ടികൾ മനസ്സിലാക്കണം നമ്മൾ കുട്ടികൾക്ക് ബാബയെ ഓർമ്മിച്ച് ഫസ്റ്റ് ക്ലാസ്സായി മാറണം. ചിലർ വളരെ പരിഷ്കാരികളാണ്, ചെരിപ്പുകൾ പോലും നാലും അഞ്ചും വെക്കാറുണ്ട്. ആത്മാവിന് ചെരിപ്പ് ഒന്നല്ലേയുള്ളു. അതിനാൽ കാലിലെ ചെരുപ്പും ഒന്നായിരിക്കണം. പക്ഷേ ഇതുമൊരു ഫാഷനായി മാറി.

ഇപ്പോൾ നിങ്ങൾ മനസ്സിലാക്കി ബാബയിൽനിന്നും ഞങ്ങൾ എന്ത് സമ്പത്താണ് പ്രാപ്തമാക്കുന്നത്. ഞങ്ങൾ സ്വർഗ്ഗത്തിന്റെ അധികാരിയായി മാറിക്കൊണ്ടിരിക്കുകയാണ്. സ്വർഗ്ഗത്തെയാണ് പറയുന്നത് വണ്ടർ ഓഫ് ദ വേൾഡ്(ലോകാത്ഭുതം). സ്വർഗ്ഗത്തെ സ്ഥാപിക്കുന്നത് ബാബയാണ്. ഇപ്പോൾ നിങ്ങൾ പ്രാക്ടിക്കലായി ശ്രീമത്തിലൂടെ സ്വർഗ്ഗത്തിന്റെ സ്ഥാപന ചെയ്തുകൊണ്ടിരിക്കുകയാണ്. ഇവിടെ എത്ര വലിയ വലിയ കൊട്ടാരങ്ങളാണ് ഉണ്ടാക്കിക്കൊണ്ടിരിക്കുന്നത്. ഇവിടെയുള്ളതെല്ലാം വിനാശമാകുന്നതാണ്. നിങ്ങൾ ഇവിടെ എന്താണ് ചെയ്യുന്നത്! ഇവിടെ നമ്മുടെ കയ്യിൽ ഒന്നുമില്ല. ഗൃഹസ്ഥത്തിലിരിക്കുന്നവർ പോലും മനസ്സിലാക്കുന്നത് ഇതാണ് -എല്ലാം ബാബയുടേതാണ്, നമ്മുടെ കയ്യിൽ ഒന്നുമില്ല, നമ്മൾ ട്രസ്റ്റിയാണ്.

ട്രസ്റ്റിയുടെ അടുക്കൽ ഒന്നുമുണ്ടായിരിക്കില്ല. ബാബയാണ് ഉടമസ്ഥൻ. എല്ലാം ബാബയുടേതാണ്. വീട്ടിലിരുന്നും ഇങ്ങനെ മനസ്സിലാക്കൂ. ധനികരുടെ ബുദ്ധിയിൽ ഈ കാര്യം വരികയില്ല. ബാബ പറയുകയാണ് ട്രസ്റ്റിയായിരിക്കൂ. എന്ത് ചെയ്യുമ്പോഴും ബാബയിൽനിന്നും നിർദ്ദേശം എടുത്തുകൊണ്ടേയിരിക്കൂ. എഴുതണം ബാബാ കെട്ടിടമുണ്ടാക്കട്ടെ, ബാബ പറയുന്നു ഉണ്ടാക്കിക്കൊള്ളു. ട്രസ്റ്റിയായിരിക്കൂ. ബാബ ഇരിക്കുന്നുണ്ടല്ലോ. ബാബ പോകുമ്പോൾ എല്ലാവരും ഒരുമിച്ച് വീട്ടിലേക്ക് പോകും. പിന്നീട് നിങ്ങൾ തന്റെ രാജധാനിയിലേക്ക് വരും. ബാബക്ക് പാവനമാക്കി മാറ്റാൻ കൽപ-കൽപം വരണം. തന്റേതായ സമയത്താണ് വരുന്നത്. ശരി.

വളരെക്കാലത്തെ വേർപാടിനുശേഷം തിരിച്ചു കിട്ടിയ മധുരമധുരമായകുട്ടികളെ പ്രതി മാതാവും പിതാവുമായ ബാപ്ദാദയുടെ സ്നേഹസ്മരണകളും  സുപ്രഭാതവും  ആത്മീയ അച്ഛന്റെ ആത്മീയ കുട്ടികൾക്ക് നമസ്കാരം.

## ധാരണയ്ക്കുള്ള മുഖ്യമായ സാരം:-

1. എല്ലാത്തിനോടുമുള്ള മമത്വത്തെ ഇല്ലാതാക്കി ഒരേയൊരു സ്നേഹിയായ ബാബയെ ഓർമ്മിക്കണം. അന്തർമുഖിയായി മാറി തന്റെ കുറവുകളെ പരിശോധിച്ച് ഇല്ലാതാക്കണം. അമൂല്യമായ വജ്രമായി മാറണം.

2. എങ്ങിനെയാണോ ബാബ നമ്മൾ കുട്ടികളെ അലങ്കരിക്കുന്നത് അതുപോലെ നിങ്ങളും എല്ലാവരേയും അലങ്കരിക്കണം. മുള്ളുകളെ പൂക്കളാക്കി മാറ്റുന്ന സേവനത്തിൽ മുഴുകണം. സൂക്ഷിപ്പുകാരായി മാറണം.

## വരദാനം:- ബ്രാഹ്മണജീവിതത്തിൽ ഏകവ്രതയുടെ പാഠത്തിലൂടെ ആത്മീയ റോയൽട്ടിയിലിരിക്കുന്നവരായ സമ്പൂർണ്ണ പവിത്രരായി ഭവിക്കട്ടെ.

ഈ ബ്രാഹ്മണ ജീവിതത്തിൽ ഏകവ്രതയുടെ പാഠം ഉറപ്പിച്ച് പവിത്രതയുടെ റോയൽറ്റി ധാരണ ചെയ്യൂ എങ്കിൽ മുഴുവൻ കൽപ്പത്തിലും ഈ ആത്മീയ റോയൽറ്റി കൂടെയുണ്ടാകും. താങ്കളുടെ ആത്മീയ റോയൽറ്റിയുടെയും പവിത്രതയുടെയും തിളക്കം പരംധാമത്തിൽ സർവ്വാത്മാക്കളേക്കാൾ ശ്രേഷ്ഠമാണ്. ആദി കാലത്ത് ദേവതാ സ്വരൂപത്തിലും ഈ പേഴ്സനാലിറ്റി വിശേഷതയാണ്, പിന്നീട് മധ്യകാലത്തിലും താങ്കളുടെ ചിത്രങ്ങളുടെ വിധിപൂർവ്വകമായ പൂജയുണ്ടാകുന്നു. ഈ സംഗമയുഗത്തിൽ ബ്രാഹ്മണ ജീവിതത്തിന്റെ ആധാരം പവിത്രതയുടെ റോയൽറ്റിയാണ്. അതിനാൽ ഏത് വരെ ബ്രാഹ്മണജീവിതത്തിൽ ജീവിക്കുന്നുവോ അതുവരെ സമ്പൂർണ്ണ പവിത്രമായിരിക്കുക തന്നെ വേണം.

## സ്ലോഗൻ:- താങ്കൾ സഹനശീലതയുടെ ദേവനും ദേവിയുമായി മാറൂ എങ്കിൽ നിന്ദിക്കുന്നവർ പോലും ആശ്ലേഷിക്കും.